DESPATCHED
On.03/01/22.


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


**ഹർജി നമ്പർ CP No. 77(6)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1512/എസ്.ഐ.സി-ജി 5/2021**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 20.12.2021**

| | |
|---|---|
| ശ്രീ. അജികുമാർ. എസ്,<br>ത്രയംബക,<br>IFRA 4, കുഞ്ഞുവീട് അമ്പലത്തിന് സമീപം,<br>മെഡിക്കൽ കോളേജ്,<br>തിരുവനന്തപുരം. | പരാതി ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,<br>തിരുവനന്തപുരം നഗരസഭ,<br>(ഉള്ളൂർ സോണൽ ഓഫീസ്)<br>എഞ്ചിനീയറിംഗ് വിഭാഗം.<br>2. അപ്പീൽ അധികാരി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>തിരുവനന്തപുരം നഗരസഭ,<br>(ഉള്ളൂർ സോണൽ ഓഫീസ്)<br>എഞ്ചിനീയറിംഗ് വിഭാഗം. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29/02/2020, |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/11/2020 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 27/01/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 27/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 02/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 01/10/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. അജികുമാർ. എസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകാതിരുന്നതിനാൽ അപ്പീലധികാരിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിൽ ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ഇത്രയും നാൾ മറുപടി നൽകാതിരുന്ന എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 29.02.2020 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 30.12.2015 ൽ എതിർകക്ഷി ഓഫീസിൽ ലഭിച്ച പരാതിയുടെ അറ്റസ്റ്റ് ചെയ്ത പകർപ്പ് നൽകണമെന്നാണ്.

3. പരാതി ഹർജിക്കാരന്റെ 29.02.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. ടി ആവശ്യം ഉന്നയിച്ചു കൊണ്ട് ടിയാൻ വീണ്ടും 13.10.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന് 09.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായും കാണുന്നു.

4. കമ്മീഷൻ 02.03.2021 ൽ റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് എതിർകക്ഷിക്ക് കത്ത് നൽകിയിരുന്നു. ആയതിൽ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ വീണ്ടും 15.07.2021 ൽ കത്തയക്കുകയും ആയതിൽ 16.08.2021 തീയതി വച്ച് അപ്പീൽ അധികാരിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി അയച്ചിട്ടുള്ളതാണെന്നും കമ്മീഷന്റെ 02.03.2021 ലെ കത്തിന് 20.03.2021 ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. 20.03.2021 ലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരൻ UEZ/7148/11 എന്ന നമ്പർ പ്രകാരമുള്ള ഫയലിലെ വിവരമാണ് ആവശ്യപ്പെട്ടതെന്നും ടി നമ്പർ പ്രകാരമുള്ള ഒരു ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ഫയൽ കണ്ടെത്തുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കുന്നതാണെന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ടെന്നു

മാണ്. തിരുവനന്തപുരം നഗരസഭ - ഉള്ളൂർ മേഖലാ കാര്യാലയത്തിൽ എഞ്ചി നീയറിംഗ് വിഭാഗത്തിന് UE യിൽ തുടങ്ങുന്നതും റവന്യൂ വിഭാഗത്തിന് ZU ൽ തുടങ്ങുന്ന ഫയൽ നമ്പറുമാണ് രേഖപ്പെടുത്തി വരുന്നതെന്നും പരാതിക്കാരൻ ആവശ്യപ്പെട്ട UEZ നമ്പർ പ്രകാരം ഒരു ഫയൽ രേഖപ്പെടുത്തിയതായി കാണു ന്നില്ലെന്നും ആയതിനാൽ ശരിയായ ഫയൽ നമ്പർ ലഭ്യമാക്കുന്നതിന് പരാതി ക്കാരന് 01.03.2021 ൽ കത്ത് നൽകിയിട്ടുള്ളതുമാണെന്നും ശരിയായ ഫയൽ നമ്പർ ലഭ്യമാക്കുന്ന മുറയ്ക്ക് ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതാ ണെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാ ക്കിയതായി കാണുന്നില്ല. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിം ഗിൽ എതിർകക്ഷിയും, പരാതിക്കാരനും പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാ ണ്. പരാതിക്കാരന്റെ 29.02.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കാത്തതിനാൽ ടിയാൻ 13.10.2020 ൽ സെക്രട്ടറിയ്ക്കാണ് അപ്പീൽ നൽകി യതായി കാണുന്നത്. ആയതിന് 09.11.2020 ൽ ഒന്നാം എതിർകക്ഷി നൽകിയിരി ക്കുന്ന മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നത ല്ല. ഹർജിക്കാരന്റെ 29.02.2020 ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ ഭാഗത്തുനിന്ന് ഉണ്ടാ യിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷി യുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർക ക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവി

ക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണ ത്തിൽ വ്യക്തമാക്കേണ്ടതാണ്. ഓഫീസിലെ രേഖകൾ അന്വേഷിച്ചു കണ്ടെത്തി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഈ ഉത്തരവ് ലഭിച്ച് 15 ദിവസ ത്തിനകം രജിസ്റ്റേർഡ് പോസ്റ്റ് വഴി മറുപടി നൽകേണ്ടതും ആ വിവരം കമ്മീഷ നിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിലവിലെ എസ്.പി.ഐ.ഒ യോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 20-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm